# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 97 07.06.2018 -ൽ മറുപടിക്ക്

### സ്കൂളുകളിൽ മലയാളം നിർബന്ധമായും പഠിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.അബ്ദുൽ ഹമീദ് പി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധമായും പഠിപ്പിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധിതഭാഷയായി പഠിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തു കൊണ്ടുള്ള 2017-ലെ മലയാള ഭാഷാപഠന ആക്ട്, 2017 ഏപ്രിൽ 10 ന് നിലവിൽ വന്നു. ഇതു സംബന്ധിച്ച ചട്ടങ്ങൾ 02.06.2018 ലെ സ.ഉ (പി) നം.14/18/പൊ.വി.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ) , കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ( സി.ഐ.എസ്.സി.ഇ) എന്നീ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളുകളിലും മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നതിന് മാർഗ നിർദ്ദേശം നൽകുകയും ഒന്ന്, രണ്ട് |

| | | | |
|---|---|---|---|
| | | | ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ സ്റ്റേററ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് & ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി) തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തമിഴ്, കന്നഡ എന്നീ ഭാഷകൾ മാതൃഭാഷയായുള്ള കുട്ടികളുടെ ഭാഷാപഠനം ലക്ഷ്യമാക്കി പാഠപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യാനുള്ള ക്രമീകരണം ഉണ്ടാക്കിയിട്ടുണ്ട്. 2017-18 വർഷം ഒന്നാം ക്ലാസിലും 2018-19 വർഷം രണ്ടാം ക്ലാസിലുമാണ് ഈ പാഠപുസ്തകങ്ങൾ പഠിപ്പിക്കേണ്ടത്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ഹൈസ്കൂൾ തലങ്ങളിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിൽ അദ്ധ്യാപകരുടെ ഒരു പാനൽ രൂപീകരിക്കണമെന്നും, ഈ പാനൽ പരിശോധനാ റിപ്പോർട്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും മലയാള ഭാഷാ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എൽ.പി/ യു.പി തലങ്ങളിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധന നടത്തണമെന്നും മേൽപ്പറഞ്ഞ ചട്ടത്തിൽ പരാമർശമുണ്ട്. മേൽ പരിശോധന റിപ്പോർട്ടുകൾ പ്രകാരം മലയാള ഭാഷാ പഠന ചട്ടങ്ങൾ ഏതെങ്കിലും സ്കൂളുകൾ ലംഘിച്ചതായി ബോധ്യപ്പെട്ടാൽ, അങ്ങനെയുള്ള സ്കൂളിന്റെ പ്രധാനാദ്ധ്യാപകനിൽ നിന്നും പിഴ ചുമത്തുന്ന കാര്യങ്ങളും ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| ബി | മലയാളഭാഷാ പഠനം പ്രോത്സാഹിപ്പിക്കാൻ സ്കോളർഷിപ്പ് നൽകുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | ബി | മലയാളഭാഷാ പഠനം പ്രോത്സാഹിപ്പിക്കാൻ ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നതു സംബന്ധിച്ച നിർ |

| | | | |
|---|---|---|---|
| | | | ദ്ദേശങ്ങൾ മലയാള ഭാഷാ പഠന ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പത്താം ക്ലാസ്സിൽ മികച്ച രീതിയിൽ മലയാളപഠനം നിർവഹിക്കുന്ന കുട്ടികൾ തുടർന്നുള്ള ഹയർസെക്കന്ററി ക്ലാസ്സുകളിൽ മലയാളം ഒരു വിഷയമായി പഠിക്കുന്ന പക്ഷം നിശ്ചിത തുക സ്കോളർഷിപ്പായി നൽകണമെന്ന് പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| സി | ഭാഷാപഠനം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | സി | ഇപ്പോൾ പരിഗണനയിലില്ല. |

[signature]

സെക്ഷൻ ഓഫീസർ